**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ

സഭയുടെ നടപ്പുസമ്മേളനത്തിൽ 23.8.2022 -ന് മറുപടി പറയേണ്ട നക്ഷത്രചിഹ്നമിട്ട ചോദ്യമായി സഭയിൽ ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്ന 26 നോട്ടീസുകൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യമാക്കി മാറ്റിയെന്നും അപ്രകാരം മാറ്റിയപ്പോൾ ചട്ടം 39-ന്റെ ക്ലിപ്ത നിബന്ധന പ്രകാരം നോട്ടീസ് നൽകിയ അംഗത്തോട് വാങ്മൂലം ഉത്തരം നൽകേണ്ടതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടില്ലായെന്നും ഇത്തരം നടപടികൾ ക്രമപ്രകാരമല്ലെന്നും കാണിച്ച് കോൺഗ്രസ് നിയമസഭാ കക്ഷി സെക്രട്ടറി ശ്രീ. എ. പി. അനിൽ കുമാർ ചെയറിന് ഒരു കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച് അംഗങ്ങൾ നൽകിയിരുന്ന നോട്ടീസും അനുബന്ധ രേഖകളും ചെയർ വിശദമായി പരിശോധിച്ചു.

2022 ആഗസ്റ്റ് 23-ാം തീയതി മറുപടിക്കായി നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളായി അംഗങ്ങൾ സമർപ്പിച്ച 26 നോട്ടീസുകളും വിശദമായ പരിശോധനയ്ക്കുശേഷമാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി

അനുവദിക്കപ്പെട്ടത്. വാക്കാൽ മറുപടി പറയുന്നതിനുവേണ്ടിയുള്ള ചോദ്യങ്ങളുടെ നോട്ടീസുകളെ ഏത് സാഹചര്യത്തിലാണ് നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളായി പരിഗണിക്കേണ്ടത് എന്നതുസംബന്ധിച്ചുള്ള വ്യക്തമായ വ്യവസ്ഥകൾ സഭാചട്ടങ്ങളിൽ അനുബന്ധമായി ചേർത്തിട്ടുള്ള നിർദ്ദേശം നമ്പർ 1-ൽ അടങ്ങുന്നുണ്ട്. പ്രസ്തുത നിർദ്ദേശമനുസരിച്ച് പൊതുവിൽ വേണ്ടത്ര പൊതുപ്രാധാന്യം ഇല്ലാത്തതും സഭാതലത്തിൽ വിശദമാക്കത്തക്ക വിധത്തിൽ യാതൊരു നയപരമായ അടിസ്ഥാനവും ഇല്ലാത്തതും കേട്ടുകേഴ്വിയേയും കിംവദന്തിയേയും അടിസ്ഥാനമാക്കി പൊതുജനങ്ങളുടെ തെറ്റിദ്ധാരണ ദൂരീകരിക്കുന്നതുമായ ചോദ്യങ്ങൾ നക്ഷത്ര ചിഹ്നമിടാത്തവയാക്കി മാറ്റാവുന്നതാണ്. പ്രസ്തുത നിർദ്ദേശങ്ങളിലെ 1 (സി), (ഇ), (ജി) എന്നീ ഇനങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കും പ്രകാരം തന്നെയാണ് ഇവിടെ പരാമർശവിധേയമായ 26 ചോദ്യങ്ങളും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇത് തികച്ചും ക്രമപ്രകാരം ചെയ്ത ഒരു നടപടി തന്നെയായിരുന്നു. മാത്രവുമല്ല, നിയമസഭാ നടപടിചട്ടം 39-ൽ "സ്പീക്കറുടെ അഭിപ്രായത്തിൽ വാക്കാൽ മറുപടി നൽകുന്നതിന് കൊടുത്തിട്ടുള്ള

ഏതെങ്കിലും ചോദ്യത്തിന് രേഖാമൂലമുള്ള മറുപടി നല്കുന്നതാണ് കൂടുതൽ ഉചിതമെങ്കിൽ സ്പീക്കർക്ക് അങ്ങനെയുള്ള ചോദ്യം രേഖാമൂലമുള്ള മറുപടി നൽകുന്നതിനുള്ള ചോദ്യങ്ങളുടെ പട്ടികയിൽ ചേർക്കാൻ നിർദ്ദേശം നൽകാവുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ ക്രമരഹിതമായോ ചട്ടവിരുദ്ധമായോ ഒന്നും സംഭവിച്ചിട്ടില്ല എന്നാണ് കാണുന്നത്.

എന്നാൽ ആഗസ്റ്റ് 23-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചോദ്യം നമ്പർ 7-ന്റെ (സി) 'പിരിവിൽ സംസ്ഥാനത്തെ എം.പി.-മാരിൽ മഹാഭൂരിപക്ഷവും പാർലമെന്റിൽ സംസ്ഥാന വികസന താൽപ്പര്യത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്നുണ്ടെന്ന് പറയപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാന വികസനത്തിന് ഗുണമാകുന്ന തരത്തിൽ ഒറ്റക്കെട്ടായി നിൽക്കാൻ സംസ്ഥാന സർക്കാർ അവരോട് ആവശ്യപ്പെടുമോ' എന്ന ചോദ്യം അൺഫെയർ ആണെന്നും അംഗത്തിന്റെ നോട്ടീസ് വേണ്ട രീതിയിൽ എഡിറ്റ് ചെയ്യാതെ അനുവദിക്കപ്പെട്ടത് ഏത് സാഹചര്യത്തിലാണെന്ന് പരിശോധിക്കണമെന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യവും ചെയർ വിശദമായി പരിശോധിച്ചു.

നിയമസഭാ നടപടിചട്ടം 36 (2) (എ) മുതൽ (യു) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ചോദ്യങ്ങൾ സംബന്ധിച്ച നോട്ടീസിന് അനുമതി നൽകുന്നത്. നോട്ടീസുകളിൽ പലപ്പോഴും കടന്നുകൂടാറുള്ള വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരമായ സ്റ്റേറ്റ്മെന്റുകളോ ഒഴിവാക്കിയാണ് അന്തിമാനുമതി നൽകുന്നത്. മുകളിൽ പരാമർശിച്ചിട്ടുള്ള ചോദ്യത്തിന്റെ നോട്ടീസ് പരിശോധിച്ച് എഡിറ്റ് ചെയ്ത് അനുമതി നൽകുന്ന കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചതായിട്ടാണ് കാണുന്നത്. ഈ സഭയുടെ കാലത്ത് ഒന്നാം സമ്മേളനത്തിൽതന്നെ 8.6.2021 -ൽ ഇതുസംബന്ധിച്ച് ചെയർ വ്യക്തമായ റൂളിംഗ് നൽകിയിട്ടും ഇത്തരത്തിലുള്ള അപാകതകൾ ചോദ്യങ്ങളുടെ ലിസ്റ്റിൽ കടന്നുകൂടുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ല. ഇത്തരം വീഴ്ചകൾ മേലിൽ ആവർത്തിക്കരുതെന്ന് ബന്ധപ്പെട്ടവരെ ചെയർ ശക്തമായി താക്കീത് ചെയ്യുന്നു.

ചോദ്യങ്ങൾ തയ്യാറാക്കുന്ന വേളയിൽ ഇത്തരം ആക്ഷേപകരവും അനുചിതവുമായ പരാമർശങ്ങൾ കടന്നുകൂടാതിരിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണെന്ന് ചെയർ മുൻ റൂളിംഗിൽ പ്രത്യേകമായി ഓർമ്മിപ്പിച്ചിരുന്നെങ്കിലും ഇപ്പോഴും ചില അംഗങ്ങൾ നൽകുന്ന നോട്ടീസുകളിലൂടെ ബോധപൂർവ്വം ഇത്തരത്തിലുള്ള പരാമർശങ്ങൾ നടത്തുന്നുവെന്ന് കാണുന്നതിൽ ചെയറിന്റെ അസന്തുഷ്ടികൂടി ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്.

ഓർഡർ... ഓർഡർ....